**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.228 — 02.03.2020 ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന നടപടി

<table>
<tr><td colspan="2">ചോദ്യം<br><br>ശ്രീ.എം. സ്വരാജ്</td><td colspan="2">ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 504 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടികൾ പുരോഗമിക്കുന്നു.</td></tr>
<tr><td>(ബി)</td><td>ഇവയുടെ വിശദവിവരം ജില്ല തിരിച്ച് അറിയിക്കുമോ;</td><td>(ബി)</td><td>
<table>
<tr><td></td><td></td><td>ഒന്നാം ഘട്ടം</td><td>രണ്ടാം ഘട്ടം</td></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>16</td><td>42</td></tr>
<tr><td>2</td><td>കൊല്ലം</td><td>12</td><td>38</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>8</td><td>26</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>14</td><td>40</td></tr>
<tr><td>5</td><td>ഇടുക്കി</td><td>8</td><td>25</td></tr>
<tr><td>6</td><td>എറണാകുളം</td><td>15</td><td>40</td></tr>
<tr><td>7</td><td>കോട്ടയം</td><td>11</td><td>34</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>18</td><td>48</td></tr>
<tr><td>9</td><td>പാലക്കാട്</td><td>16</td><td>45</td></tr>
<tr><td>10</td><td>മലപ്പുറം</td><td>17</td><td>42</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>13</td><td>37</td></tr>
<tr><td>12</td><td>വയനാട്</td><td>4</td><td>15</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>11</td><td>50</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>7</td><td>22</td></tr>
<tr><td></td><td>ആകെ</td><td>170</td><td>504</td></tr>
</table>
</td></tr>
<tr><td>(സി)</td><td>തൃപ്പൂണ്ണിത്തുറ നിയമസഭാ മണ്ഡലത്തിലെ എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി</td><td>(സി)</td><td>തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ 4 പ്രാഥമിക കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | | 1 | ഉദയംപേരൂർ | 2018-19 |
| | | | 2 | നെട്ടൂർ | |
| | | | 3 | പനങ്ങാട് | |
| | | | 4 | എരൂർ | 2017-18 |
| (ഡി) | ഇത്തരത്തിൽ ഉയർത്തപ്പെട്ടതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങൾ പ്രസ്തുത ആശുപത്രികളിൽ വരുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ? | (ഡി) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ രോഗി സൗഹൃദമാക്കുവാനും, സൗകര്യങ്ങളുള്ള രജിസ്ട്രേഷൻ കൗണ്ടറുകൾ, ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ കാത്തിരിപ്പ് മുറികൾ, ഇരിപ്പിടങ്ങൾ, ആരോഗ്യബോധവത്കരണതിതനുള്ള ഡിസ്പ്ലേ സംവിധാനങ്ങൾ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, നേഴ്സുമാരുടെ പ്രീ ചെക്ക്അപ്പ് സംവിധാനങ്ങൾ, സ്വകാര്യതയുള്ള പരിശോധന മുറികൾ, ഭിന്നശേഷി സൗഹൃദവും സ്ത്രീ സൗഹൃദമായ ടോയ്‌ലറ്റുകൾ, മുലയൂട്ടൽ മുറി തുടങ്ങിയവ സജ്ജീകരിച്ചു വരുന്നു. നിത്യേനയുള്ള ജീവിത ശൈലീരോഗ ക്ലിനിക്കുകൾ, ആസ്മ/ശ്വാസംമുട്ട് രോഗത്തിനുള്ള ശ്വാസ് ക്ലിനിക്, മാനസിക ആരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസം' ക്ലിനിക് എന്നിവയും പ്രവർത്തിച്ചു വരുന്നു. ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ച് ലാബ് സൗകര്യം ഒരുക്കുന്നുണ്ട്. മരുന്നുകൾ സൂക്ഷിക്കുവാൻ എ.സി.സ്റ്റോർ റൂം, മരുന്ന് സംഭരണത്തിന് മോഡ്യുലാർ റാക്ക് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. അതു കൂടാതെ ഡോക്ടർ, ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ് എന്നിവരുടെ അധിക തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. | | |

Hari

സെക്ഷൻ ഓഫീസർ